# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മമ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം10/418/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മമ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം10/418/2023 തീയ്യതി: 23/03/2023

## മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 26-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-02-2023 | 07-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-02-2023 | 07-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.നസ്സീർ.ടി.കെ -ഓഡിറ്റ് ഓഫീസർ
2.ശ്രീ.അമീൻ ഫൈസൽ ടി.ടി -സീനിയർ ഗ്രേഡ് ഓഡിറ്റർ
3.ശ്രീ.റഷീദ്.വി -സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.മുഹമ്മദ് നൗഷാദ് എ.കെ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീനിനാസൻ .സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ലത.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 16-04-2021 |
| ശ്രീ.അവിസന്ന .പി | സെക്രട്ടറി | 17-04-2021 | 20-12-2021 |
| ശ്രീമതി.രജനി .കെ.കെ | സെക്രട്ടറി | 21-12-2021 | 20-01-2022 |
| ശ്രീ.അവിസന്ന.പി | സെക്രട്ടറി | 21-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലത.പി | അസി.എഞ്ചിനീയർ | 01-04-2021 | 22-07-2021 |
| ശ്രീ.രാധാകൃഷ്ണൻ .കെ | അസി.സെക്രട്ടറി(ചാർജ്ജ്) | 23-07-2021 | 04-08-2021 |
| ശ്രീമതി.രജനി.കെ.കെ | അസി.സെക്രട്ടറി | 05-08-2021 | 22-01-2022 |
| ശ്രീ.രാധാകൃഷ്ണൻ .കെ | അസി.സെക്രട്ടറി(ചാർജ്ജ്) | 23-01-2022 | 30-01-2022 |
| ശ്രീ.ശിവാനന്ദൻ .സി | അസി.സെക്രട്ടറി | 31-01-2022 | 31-03-2022 |
| ശ്രീമതി.അഞ്ജു ചന്ദ്രൻ. | അസി.എഞ്ചിനീയർ | 01-04-2021 | 08-04-2021 |
| ശ്രീ.അലി ഫൈസൽ .കെ.ടി | അസി.എഞ്ചിനീയർ | 09-04-2021 | 01-07-2021 |
| ശ്രീമതി.അലീന ആനന്ദ് | അസി.എഞ്ചിനീയർ | 02-07-2021 | 27-12-2021 |
| ശ്രീ.അലി ഫൈസൽ കെ.ടി | അസി.എഞ്ചിനീയർ | 28-12-2021 | 06-02-2022 |
| ശ്രീമതി.ഫസ്ന.ഇ | അസി.എഞ്ചിനീയർ | 07-02-2022 | 31-03-2022 |
| ഡോ.ധന്യശ്രീ..പി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.അബ്ദുൾ നാസർ | മെഡിക്കൽ ഓഫീസർ(ISM) | 01-04-2021 | 31-03-2022 |
| ഡോ.സൂരജ്.സി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.രോഹിണി നെല്ലിശ്ശേരി | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രശാന്ത് .എൻ.ടി | വി.ഇ.ഒ-1 | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയമ്മ മാത്യൂ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷിഹാദ് .എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പെൻഷൻ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക് പരിശോധന അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല-ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് 27852 രൂപ അടവാക്കി. | 1-12 |
| 13 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി 7359 രൂപ നഷ്ടം. | 1-13 |
| 14 | അനധികൃത നിർമ്മാണങ്ങളും ചട്ടം പാലിക്കാത്ത കെട്ടിടം ക്രമവൽക്കരിച്ച് നൽകിയതും-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-14 |
| 15 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-15 |
| 16 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കണം. | 1-16 |
| 17 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നും വാങ്ങൽ നടത്തി. | 1-17 |
| 18 | ഗാർഹിക ബയോബിൻ വിതരണം - വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിലൽ. | 1-18 |
| 19 | വയബിലിറ്റി ഗ്യാപ് ഫണ്ട് - വരവ് ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിലൽ. | 1-19 |
| 20 | പൊതു കുടിവെള്ള ടാപ്പുകൾ -സംയുക്ത പരിശോധന നടത്തി തുടർനടപടി സ്വീകരിക്കണം | 1-20 |
| 21 | തെരുവ് വിളക്ക് റിപ്പയർ അപാകതകൾ | 1-21 |
| 22 | മറ്റ് ഏജൻസികൾക്ക് മുൻകൂർ നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കണം | 1-22 |
| 23 | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ -അപാകതകൾ | 1-23 |
| 24 | ദുരിദാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-24 |

| | | |
|---|---|---|
| 25 | കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ -സർക്കാർ നിർദ്ദേശം പാലിക്കണം | 1-25 |
| 26 | കൊന്നഞ്ചേരി അംഗൻവാടി_ കിണർ നെറ്റ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി. | 1-26 |
| 27 | വനിത സൗഹൃദ കേന്ദ്രം പൂർത്തീകരണം- 14702/- രൂപയുടെ അധിക ചെലവ് | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്. | 1-28 |
| 29 | ഇപ്പോട്ടിങ്ങൾ കുടിവെള്ള പദ്ധതി പൂർത്തീകരണം _ G I പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി | 1-29 |
| 30 | ഒറുകുഴി കുറുഞ്ഞിമല കുടിവെള്ള പദ്ധതി പൂർത്തീകരണം_G I പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി. | 1-30 |
| 31 | ഇളമ്പുഴ ഹൈദർപ്പടി റോഡ് -കോൺഗ്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി. | 1-31 |
| 32 | മെഡിക്കൽ ഓഫീസർ FHC-വിവിധ പദ്ധതികൾ- കട്ടേഷൻ , സ്റ്റോക്ക് അപാകതകൾ | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഇപ്പോട്ടിങ്ങൾ കുടിവെള്ള പദ്ധതി പൂർത്തീകരണം _ G I പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി | 3-1 |
| 2 | ഒറുകുഴി കുറുഞ്ഞിമല കുടിവെള്ള പദ്ധതി പൂർത്തീകരണം_G I പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി. | 3-2 |
| 3 | ഇളമ്പുഴ ഹൈദർപ്പടി റോഡ് -കോൺഗ്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി. | 3-3 |
| 4 | കൊന്നഞ്ചേരി അംഗൻവാടി_ കിണർ നെറ്റ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി. | 3-4 |
| 5 | വനിത സൗഹൃദ കേന്ദ്രം പൂർത്തീകരണം- 14702/- രൂപയുടെ അധിക ചെലവ് | 3-5 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് റിക്കവറി. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

19.2.2021തീയതിയിലെ തീരുമാനം നമ്പർ(1)1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.3.2022തീയതിയിലെ 5(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 19.8.2022 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25815072 |
| വരവ് | 121251824 |
| ആകെ | 147066896 |
| ചെലവ് | 107297366 |
| നീക്കിയിരിപ്പ് | 39769530 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 22229661 | 22229661 | 22030015 | 199646 |
| പ്ലാൻ (SCP) | 0 | 7340294 | 7340294 | 6761686 | 578608 |
| പ്ലാൻ (TSP) | 0 | 3435870 | 3435870 | 3152436 | 283434 |
| CFC (Untied ) | 0 | 5622053 | 5622053 | 4985947 | 636106 |
| CFC (TIED) | 0 | 10856288 | 10856288 | 4924718 | 5931570 |
| റോഡ് (MG) | 0 | 13370000 | 13370000 | 9933374 | 3436626 |
| റോഡിതരം (MG) | 0 | 7619446 | 7619446 | 6240164 | 1379282 |
| ബിഫണ്ട് | 0 | 78514780 | 78514780 | 78514780 | 0 |

## 1-5 പദ്ധതി അവലോനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 336 | 188489009 | 289 | 103383977 | 0 | 47 | 86% |

വിശദ വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 0 | 3838800 | 3838800 | 100.00% |
| വെറ്റിനറി സർജ്ജൻ | 9 | 8 | 1 | 6019250 | 2876532 | 48.00% |
| MO (PHC) | 14 | 12 | 2 | 5051577 | 4025620 | 80.00% |
| MO (ISM) | 5 | 5 | 0 | 860000 | 834800 | 97.00% |
| VEO | 28 | 22 | 6 | 91765462 | 25976322 | 28.00% |
| ICDS | 12 | 10 | 2 | 13504445 | 12520687 | 93.00% |

| | | | | | | |
|---|---|---|---|---|---|---|
| DEO | 1 | 1 | 0 | 1100000 | 600000 | 55.00% |
| സെക്രട്ടറി | 40 | 36 | 4 | 26002645 | 22584038 | 87.00% |
| ഹെഡ് മാസ്റ്റർ | 11 | 9 | 2 | 1377280 | 1080289 | 78.00% |
| അസി.എൻജി. | 196 | 176 | 20 | 36038225 | 28040917 | 78.00% |
| അസി.സെക്രട്ടറി | 11 | 8 | 3 | 2409325 | 1005972 | 48.00% |
| ഫിഷറീസ് | 1 | 0 | 1 | 522000 | 0 | 0.00% |
| ആകെ | 336 | 289 | 47 | 188489009 | 103383977 | 55% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11993 | 1977765 | 1989758 | 1983063 | 6695 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 42295252 | 42295252 | 42295252 | 0 |

## 1-7 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5280 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 5102100 | 326 |
| വിധവാപെൻഷൻ | 24926400 | 1501 |
| വാർദ്ധക്യകാലപെൻഷൻ | 37972000 | 2700 |
| വികലാംഗപെൻഷൻ | 9203000 | 632 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്ക് ധനസഹായം | 696000 | 57 |
| വിവാഹ ധനസഹായം | 540000 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.2.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29545/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സബ്സിഡയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പി.എച്ച്.സി മെഡിക്കൽ ഓഫീസർ, വിഇഒ അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഇത് പാലിക്കുന്നില്ല.
4. ജി ഒ (എം എസ് ) നം. 11/2018/ത.സ്വ.ഭ.വ തി. 29.01.2018 പ്രകാരം ഓരോ പ്രോജക്ടുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. വിഇഒ, ഹെഡ് മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ പ്രോജക്ടു ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ടില്ല.
5. സാംഖ്യ ബാങ്ക് ബുക്കുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6) സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം നിർദ്ദിഷ്ട രൂപത്തിലല്ല.
7)കേരള ഫിനാൻഷ്യൽ കോഡ്- ആർട്ടിക്കിൾ-147, 149(1), 150, 152, 153, 158, 161 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം

സ്റ്റോറുകൾ കൈപറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിക്കേണ്ടതും സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതും സ്റ്റോക്കിൽ എടുക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. 1) അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, 2) ഓഫീസ് ഫർണീച്ചറുകൾക്ക് , 3) പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും 4) കംപ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കേരള ഫിനാൻസ് കോഡ് വാല്യം II നിർദ്ദേശിക്കുന്ന മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുണ്ട്. സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ സ്റ്റോക്ക് അക്കൗണ്ടിൽ വിവരം രേഖപ്പെടുത്തേണ്ടതും വർഷത്തിലൊരിക്കലെങ്കിലും സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്റ്റോറുകൾ കൈപറ്റുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്ന് വ്യക്തമാകുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2022 | 9/2022,10/2022 | 11..11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.8.2016 മുതൽ 30.8.2016 വരെ | 2011-12 മുതൽ 2015-16 വരെ | 7.10.2016 |

## 1-11 വാർഷിക കണക്ക് പരിശോധന അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 5418663 | 5418663 | 5310280 | 5319999 | 106358 | 106223 |
| കുടിശ്ശിക | 660428 | 677603 | 564019 | 565803 | 113699 | 113584 |

2) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) പെർമിറ്റ് ഫീസ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 342889/- രൂപയും റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 343042 രൂപയും ഡിമാന്റും കളക്ഷനും രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4) വാർഷിക കണക്ക് RP10 ഷെഡ്യൂൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 54445/- രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

5) ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ലോൺ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

6) തൊഴിൽ നികുതി ഇനത്തിൽ രജിസ്റ്റർ പ്രകാരം 1487070/- രൂപയാണ് ഡിമാന്റും കളക്ഷനും. എന്നാൽ വാർഷിക കണക്ക് പ്രകാരം 1666240 രൂപയാണ് കളക്ഷൻ(207120 Advance+1459120 Current). 179170 രൂപ വ്യത്യാസം.

7) KPR ചട്ടം 62(2)(ഇ) പ്രകാരമുള്ള അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62(2)(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) KPR ചട്ടം 62(3) പ്രകാരം, എല്ലാ വർഷങ്ങളിലും വാർഷിക കണക്കിന്റെ കൂടെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. ആയത് ഉൾപ്പെടുത്തിയിട്ടില്ല.

9) വികസന ഫണ്ട് ജനറൽ ഗ്രാന്റ് തുക വാർഷിക കണക്ക് RP7 പ്രകാരം 21432248/- രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 22030015 രൂപയാണ്.

10) മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് തുക വാർഷിക കണക്ക് RP7 പ്രകാരം 6197924/- രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 6240164 രൂപയാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.27/2021-22/07.03.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല-ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് 27852 രൂപ അടവാക്കി.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

I) ലഭ്യമാക്കിയ അറ്റന്റൻസ് രജിസ്റ്റർ പ്രകാരം മമ്പാട് പി.എച്ച്.സി-യിൽ ചുവടെ ചേർത്ത ആളുകൾ, NHM/താത്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ 2021-22ൽ ജോലി ചെയ്യുകയും ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവിൽ നിന്നുൾപ്പടെ വേതനം കൈപ്പറ്റിയിട്ടുമുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചതിൽ ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | ജോലി ചെയ്ത കാലയളവ് | തൊഴിൽ നികുതി ഈടാക്കേണ്ടിയിരുന്ന അർദ്ധ വർഷം |
|---|---|---|---|
| 1. | ഡോ. ജിബിൻ എൻ.പി, ഡോക്ടർ-ഇവനിംഗ് ഒ.പി | 2021 മെയ്-നവംബർ | I, II |
| 2. | ഡോ. അഖില സലീം, ഡോക്ടർ-ഇവനിംഗ് ഒ.പി | 2021 ഡിസംബർ - 2022 മാർച്ച് | II |
| 3. | ശ്രീമതി. ലീലാമ്മ, RBSK നഴ്സ് | 2021 ഏപ്രിൽ - 2022 മാർച്ച് | I, II |
| 4. | ശ്രീമതി. പ്രീനി, MLSP NHM | 2021 ഏപ്രിൽ - 2022 മാർച്ച് | I, II |
| 5. | ശ്രീമതി. മൃദുല, MLSP NHM | 2021 ഏപ്രിൽ - 2022 മാർച്ച് | I, II |
| 6. | ശ്രീമതി. അശ്വതി, MLSP NHM | 2021 ഏപ്രിൽ - 2021 ജൂലൈ | I |
| 7. | ശ്രീമതി. ഗ്രീഷ്മ, MLSP NHM | 2022 ജനവരി - 2022 മാർച്ച് | II |
| 8. | ശ്രീമതി. ജസീന, കോവിഡ് 19 JHI | 2021 ഏപ്രിൽ - 2021 ഒക്ടോബർ | I |
| 9. | ശ്രീമതി. അഞ്ജു പി, ഇവനിംഗ് ഒ.പി-നഴ്സ് | 2021 മെയ് - 2022 മാർച്ച് | I, II |
| 10. | ശ്രീമതി. കാർത്തിക , ഇവനിംഗ് ഒ.പി-ഫാർമസിസ്റ്റ് | 2021 മെയ് - 2022 മാർച്ച് | I, II |

II) ഗ്രാമപഞ്ചായത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ച റഹ്മാനിയ കോളേജ് ഹയർസെക്കണ്ടറി/ഹൈസ്കൂൾ/യു.പി /എൽ.പി സ്കൂൾ ഉടങ്ങിയ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നാളിതുവരെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

III) കൂടുതൽ ജോലിക്കാരുള്ളതായി ഡി&ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1. | 121 | നിലമ്പൂർ ഗുഡ് വുഡ് ഇൻഡസ്ട്രീസ് | 5 |
| 2. | 29 | ABS മോട്ടോർസ് വടപുറം | 6 |

IV) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും അതാത് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതികൾ യഥാസമയം ഈടാക്കിയിരുന്നില്ല.

(1) തലാൽ അഗ്രോ മാനുഫാക്ചേർസ്- രണ്ടാം അർദ്ധ വർഷം അടച്ചില്ല

(2) എം.എസ് പെട്രോളിയം താണ- ഒന്ന്, രണ്ട് അർദ്ധ വർഷം അടച്ചില്ല.

സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളിലെ നിരവധി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതികൾ ഈടാക്കിയിട്ടില്ല എന്നത് ഓഡിറ്റ് ഗൗരവതരമായി തന്നെ കാണുന്നു.
ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.11/21-22/03/03.2022 നൽകിയതിന്റെ അടിസ്ഥാനത്തിൽ ഖണ്ഡികയിലെ ക്രമ നം. I, III, IV എന്നിവ പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ വിവിധ രസീതുകൾ പ്രകാരം ആകെ 27852/- രൂപ ഈടാക്കി അറിയിച്ചു. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടു.
ക്രമ നം. II പ്രകാരമുള്ള റഹ്മാനിയ കോളേജ് ഹയർസെക്കണ്ടറി/ഹൈസ്കൂൾ/യു.പി/എൽ.പി സ്കൂൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു. മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2021-22 ലെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി പിഴ സഹിതം ഈടാക്കി രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി 7359 രൂപ നഷ്ടം.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ശ്രീ. ത്വാഹ മോൻ എന്നവർക്ക് പലവ്യഞ്ജന വ്യാപാരം-സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടിട നമ്പർ , തരം | കെട്ടിട ഉടമ |
|---|---|---|---|---|
| JC2-3045/21 /201-22-99 Dtd. 23.06.2021 | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | മിസ്റ്റ് എന്റർപ്രൈസസ് മമ്പാട് | 12/459 A,B,C,D | ശ്രീ. അബ്ദുള്ള, അബ്ദുസ്സലാം |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

12/459 A,B,C,D എന്നീ കെട്ടിട നമ്പറുകളിലായി ആകെ 334.44 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലാണ് ടി ഹൈപ്പർ/സൂപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചത്. ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ-ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 50 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് മേൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ള 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 70 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ 334.44x(70-50)=6688.8+(20% വഴി വർദ്ധന-10% മേഖല ഇളവ്)=7359/- രൂപ നികുതി കുറവും സംഭവിക്കുന്നുണ്ട്. ടി കെട്ടിടത്തിലെ തന്നെ മുകളിൽ പരാമർശിക്കാത്ത കടമുറികളിൽ മേൽ സ്ഥാപനം

പ്രവർത്തിക്കുന്നുണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. അപ്രകാരമെങ്കിൽ ആയത്തിന്റെ കൂടി നികുതി പുതുക്കി നിർണ്ണയിക്കേണ്ടതായി വരുന്നതാണ്.

ഓഡിറ്റ് അന്വേഷണ കറിപ്പ് നം. 08/2021-22/06.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 അനധികൃത നിർമ്മാണങ്ങളും ചട്ടം പാലിക്കാത്ത കെട്ടിടം ക്രമവൽക്കരിച്ച് നൽകിയതും- ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ച / വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് വിധേയമാക്കിയതിൽ, ചില കെട്ടിടങ്ങൾ / സൈറ്റുകൾ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 20.12.2022 ന് ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ്, കെട്ടിട ഉടമ, നമ്പർ, തരം , വിസ്തീർണ്ണം- ഫയൽ/സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ. | പരിശോധനയിലെ കണ്ടെത്തലുകൾ/അപാകതകൾ |
|---|---|---|
| 1 | A2 692/2020 15.06.2020, ശ്രീ. ഷുക്കൂർ തർത്തീബ് മറ്റുള്ളവർകൂടി മൂന്ന് കെട്ടിടങ്ങൾ<br>1) 12/176 A മുതൽ Z വരെ ആകെ 501.57ച.മീ (224.88 GF+276.69 FF) വിസ്തീർണ്ണം വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>2) 12/176 AA മുതൽ AJ വരെ ആകെ 214.39 ച.മീ (117.36 GF+97.03 FF) വിസ്തീർണ്ണം വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>3) 12/176 AK മുതൽ ATവരെ ആകെ 223.87ച.മീ (128.22 GF+95.65FF) വിസ്തീർണ്ണം വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>ആകെ 939.83 ച.മീ വിസ്തീർണ്ണം. പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 14കാർ പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. | 1) മൂന്ന് കെട്ടിടങ്ങൾക്കും ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ രണ്ടാം നിലയുടെ അനധികൃത നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. (276.69+117.36+128.22=522.27) ആകെ 522.27ച.മീ)<br>2) അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്.<br>3) രണ്ടാം നില നിർമ്മിച്ചതിന്റെ വിസ്തീർണ്ണം കൂടി ചേരുമ്പോൾ കെട്ടിടത്തിന്റ ആകെ വിസ്തീർണ്ണം 1000ൽ കവിയുന്നതും ആയതിനനുസരിച്ച് FIRE NOC, കാർ പാർക്കിംഗ് സൗകര്യം, ലോഡിംഗ് അൺലോഡിംഗ് സ്ഥലം, ടൂ വീലർ പാർക്കിംഗ് സ്ഥലം എന്നിവയും മറ്റു സജീകരണങ്ങളും ഒരുക്കേണ്ടതുണ്ട്. |
| 2 | 3/203 A മുതൽ R വരെ (I,O ഒഴികെ) ക്രമവൽക്കരണം. ശ്രീ. നിയാസ്. വാണിജ്യ കെട്ടിടം<br>ആകെ 978.55ച.മീ(301.95 Cellar+338.30 GF+338.3 FF).<br>പ്ലാൻ പ്രകാരം കെട്ടിടത്തിന് ആവശ്യമായ 9 കാർ പാർക്കിംഗ് സൗകര്യം സെല്ലാർ ഫ്ലോറിലാണ് കാണിച്ചത്. ലോഡിംഗ് അൺലോഡിംഗ് സ്ഥലം | 1) കെട്ടിടത്തിന് ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ രണ്ടാം നിലയുടെ (338.3 ച.മീ) അനധികൃത നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>2) കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിൽ പാർക്കിംഗ് സൗകര്യ കാണിച്ചിരുന്ന ഏരിയ പൂർണ്ണമായും കട മുറികളാക്കി വാഹന പ്രവേശനം ലഭ്യമാകാത്ത രീതിയിലാക്കിയിട്ടുണ്ട്.<br>3) നമ്പർ ലഭിച്ചതും, അനധികൃതമായി നിർമ്മിച്ചതുമായ സെല്ലാർ ഫ്ലോർ ഉൾപ്പെടെ എല്ലാ ഏരിയയിലും ഫർണ്ണിച്ചർ ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്.<br>4) രണ്ടാം നില നിർമ്മിച്ചതിന്റെ വിസ്തീർണ്ണം കൂടി ചേരുമ്പോൾ കെട്ടിടത്തിന്റ ആകെ വിസ്തീർണ്ണം 1000ൽ കവിയുന്നതും ആയതിനനുസരിച്ച് FIRE NOC, കാർ പാർക്കിംഗ് സൗകര്യം, ലോഡിംഗ് അൺലോഡിംഗ് |

| | | |
|---|---|---|
| | രേഖപ്പെടുത്തിയിട്ടില്ല. | സ്ഥലം ടു വീലർ പാർക്കിംഗ് സ്ഥലം എന്നിവയും മറ്റു സജീകരണങ്ങളും ഒരുക്കേണ്ടതുണ്ട്. |
| 3 | രണ്ട് കെട്ടിടങ്ങൾ - ക്രമവൽക്കരണം-വാണിജ്യ കെട്ടിടം<br>1) 04/3 V,W,Y,Z,AA,AB വരെ, മുഹമ്മദ് അനീസ്, നഫീസ, നാരായണൻ<br>ആകെ - 244.5 ച.മീ(രണ്ട് നില 121.5+123)<br>2) 4/3AC, AD,AE,AF,AG,AH മുഹമ്മദ് അബ്ദുൽ റസാഖ്, മുഹമ്മദ് അനീസ്- ആകെ 231.82ച.മീ.(രണ്ട് നില 115.27+116.55)<br>പ്ലാൻ പ്രകാരം കെട്ടിടത്തിന് ആവശ്യമായ 5 കാർ പാർക്കിംഗ് സൗകര്യം ഗ്രൗണ്ട് ഫ്ലോറിലേക്ക് കയറിയും മുന്നിലുമായിട്ടാണ് കാണിച്ചത്.<br>രണ്ട് കെട്ടിടങ്ങളും, രണ്ട് പ്ലോട്ടുകളുടെയും ഉടമസ്ഥരുടെ സമ്മതപത്രത്തോടെ അതിരിനോട് ചേർന്ന് 20cm മാത്രം അകലത്തിലാണ് നിർമ്മിച്ചത്. | 1) ഫയലിൽ, രണ്ട് കെട്ടിടങ്ങളും തമ്മിൽ 2 മീറ്റർ അകലം പാലിക്കണം എന്ന് എഞ്ചിനിയർ റിപ്പോർട്ടിൽ അപാകത സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിഹരിച്ചതായി എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയാണ് കെട്ടിടം ക്രമവൽക്കരിച്ചത്.<br>2) സമ്മത പത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ അതിരിനോട് ചേർന്ന് നിർമ്മാണം നടത്തുമ്പോൾ ആ വശത്ത് വാതിലുകളോ ജനലുകളോ ഉൾപ്പടെ തുറക്കലുകൾ ഒന്നും തന്നെ പാടില്ല എന്ന് ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾ രണ്ടും അതിരിനോട് ചേർന്ന് നിർമ്മിച്ച വശത്ത് ഫസ്റ്റ് ഫ്ലോറിൽ ചുമരുകൾ സ്ഥാപിച്ചിട്ടില്ല, പൂർണ്ണമായും തുറന്ന നിലയിലാണ്. ആയതിനാൽ ചട്ടം പാലിക്കാത്ത കെട്ടിടങ്ങളാണ് ക്രമവൽക്കരിച്ചത്.<br>3) നിലവിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലേക്ക് കയറ്റി കാർ പാർക്കിംഗ് പ്രായോഗികമല്ല. |
| 4 | മൂന്ന് കെട്ടിടങ്ങൾ-ക്രമവൽക്കരണം- വാണിജ്യ കെട്ടിടം<br>1) 04/3 A,B,C,D,E,F വരെ, അബ്ദുൽ ഖാലിക്<br>ആകെ - 186.05 ച.മീ(രണ്ട് നില 90.75+95.3)<br>2) 4/3 G,H,J,K,L,M ജുഹൈന കീരൻ തൊടിക- ആകെ 202.28ച.മീ. (രണ്ട് നില 101.4+101.4)<br>3) 4/3N, P, Q, R, T,U നാസർ ചെറുപള്ളി -ആകെ 179.3 ച.മീ(രണ്ട് നില 88.99+90.31)<br>പ്ലാൻ പ്രകാരം കെട്ടിടത്തിന് ആവശ്യമായ കാർ പാർക്കിഗ് സൗകര്യം ഗ്രൗണ്ട് ഫ്ലോറിലേക്ക് കയറിയും മുന്നിലുമായിട്ടാണ് കാണിച്ചത്.<br>രണ്ട് കെട്ടിടങ്ങളും, രണ്ട് പ്ലോട്ടുകളുടെയും ഉടമസ്ഥരുടെ സമ്മത പത്രത്തോടെ അതിരിനോട് ചേർന്നാണ് നിർമ്മിച്ചത്. | 1) ഫയലിൽ, രണ്ട് കെട്ടിടങ്ങളും തമ്മിൽ 2 മീറ്റർ അകലം പാലിക്കണം എന്ന് എഞ്ചിനിയർ റിപ്പോർട്ടിൽ അപാകത സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിഹരിച്ചതായി എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയാണ് കെട്ടിടം ക്രമവൽക്കിരിച്ചത്.<br>2) സമ്മത പത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ അതിരിനോട് ചേർന്ന് നിർമ്മാണം നടത്തുമ്പോൾ ആ വശത്ത് വാതിലുകളോ ജനലുകളോ ഉൾപ്പടെ തുറക്കലുകൾ ഒന്നും തന്നെ പാടില്ല എന്ന് ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾ രണ്ടും അതിരിനോട് ചേർന്ന് നിർമ്മിച്ച വശത്ത് ഫസ്റ്റ് ഫ്ലോറിൽ ചുമരുകൾ സ്ഥാപിച്ചിട്ടില്ല, പൂർണ്ണമായും തുറന്ന നിലയിലാണ്. ആയതിനാൽ ചട്ടം പാലിക്കാത്ത കെട്ടിടങ്ങളാണ് ക്രമവൽക്കരിച്ചത്.<br>3) നിലവിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലേക്ക് കയറ്റി കാർ പാർക്കിംഗ് പ്രായോഗികമല്ല.<br>4) കെട്ടിടങ്ങളുടെ പ്ലോട്ടുകൾ മൂന്നും മൂന്ന് വ്യക്തികളുടെ പേരിലും ഓരോന്നിനും വ്യത്യസ്ത ആധാരം, നികുതി ശീട്ട്, പൊസഷൻ സർട്ടിഫിക്കറ്റ് എന്നിവയായിരുന്നിട്ടും മേൽ കെട്ടിടങ്ങളുടെ ക്രമവൽക്കരണം ഒരു ഫയലായിട്ട് നടത്തിയത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. |

നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട മുകളിലെ പട്ടികയിലെ ക്രമ നം. 1, 2 കെട്ടിടങ്ങളിലെ അധിക നിർമിതികൾ നാളിതുവരെയും ക്രമവൽകരണം നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ അനധികൃത നിർമ്മാണങ്ങൾ എന്നു മുതലാണ് പ്രവർത്തനക്ഷമമായതു എന്ന് പരിശോധിച്ച് ആയത് മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുണ്ട്. നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളായതിനാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആയതിനാൽ കെട്ടിട നിർമാണങ്ങൾ ക്രമവൽകരിക്കാവുന്നതാണോ എന്നത് പരിശോധിച്ച് നിയമാനുസൃതമായ വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. കെട്ടിടം പ്രവർത്തനക്ഷമമായതു മുതൽ ക്രമവൽകരണം നടത്തുന്നതു വരെ കെട്ടിടത്തിന് U/A നമ്പർ നൽകി ചട്ടപ്രകാരമുള്ള മൂന്ന് ഇരട്ടി നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതും അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.
ക്രമ നം 3, 4 എന്നിവയിൽ പരാമർശിച്ച, അപാകതക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടങ്ങൾ ക്രമവൽക്കരിച്ചത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി സത്വര തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അപാകത ശ്രദ്ധയിൽപെടുത്തിയിട്ടും നടപടി സ്വീകരിക്കാത്ത പക്ഷം നിലവിലുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 28/21-22 /07.03.22-മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 127/22 |
| പ്രൊജക്റ്റിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. |
| അടങ്കൽ തുക | 44,00,000/- രൂപ |
| ചെലവഴിച്ച തുക | 39,39,400/- രൂപ |
| ബിൽ നമ്പർ / തീയതി | 21150752027700544736 / 20.10.2021 – 10,00,000/- രൂപ<br>21150752027700567486 / 27.10.2021 – 13,58,571/- രൂപ<br>21150752027700567489 / 27.10.2021 – 29,400/- രൂപ<br>21150752027700544727 / 20.10.2021 – 2,88,329/- രൂപ<br>21150752027700645249 / 12.11.2021 – 32,000/- രൂപ<br>21150752027700645203 / 10.11.2021 – 1,00,000/- രൂപ<br>21150752027700700273 / 25.11.2021 – 40,000/- രൂപ<br>21150752027700845670 / 27.12.2021 – 3,00,000/- രൂപ<br>21150752027700934471 / 12.01.2022 – 40,000/- രൂപ<br>21150752027700934477 / 12.01.2022 – 7,00,029/- രൂപ<br>21150752027701222266 / 28.02.2022 – 51,071/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ. |

2021-22 സാമ്പത്തിക വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 39,39,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ഗുണഭോക്താവിന് അധിക തുക അനുവദിച്ചു .

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വാർഷിക ബത്ത എന്നിവ സബ്സിഡി

മാർഗ്ഗരേഖ (സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.1.6 പ്രകാരം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ഈ നിരക്കുകളിൽ അധികരിച്ച് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേരും വിലാസവും. | ക്ലാസ് / സ്റ്റാൻഡേർഡ് | അനുവദിച്ച തുക. | അനുവദിക്കാവുന്ന തുക. | അധികം നൽകിയ തുക. |
|---|---|---|---|---|---|
| 1 | അഹ്മദ് റബീഅ്.എ, ആരോളി (H), പന്തലിങ്ങൽ, മേപ്പാടം.പി.ഒ | 3 (GMLPS കാട്ടുമുണ്ട ഈസ്റ്റ്) | 5600 | 5300 | 300 |
| 2 | ലഹൻ ലിയാക്കത്തലി, കളത്തിങ്ങൽ വീട്, പന്തലിങ്ങൽ, മേപ്പാടം.പി.ഒ | 4 (GMLPS പന്തലിങ്ങൽ) | 5600 | 5300 | 300 |
| 3 | അൽ സാബിത്ത്, S/o. മുജീബ്.സി.കെ, ചെവിടിക്കുന്നൻ (H), മേപ്പാടം.പി.ഒ | 4 (GMLPS കാട്ടുമുണ്ട ഈസ്റ്റ്) | 5600 | 5300 | 300 |
| 4 | ഫിദ ഷെറിൻ.പി, പൂവിൽ ഹൌസ്, മമ്പാട്. | 5 (AMUPS മമ്പാട്) | 8000 | 6600 | 1400 |
| 5 | അജ്മൽ.എ.എസ്, എ.എസ് മൻസിൽ, തോടിന്റക്കര, മമ്പാട്.പി.ഒ | 9 (MES H.S.S മമ്പാട്) | 22500 | 8000 | 14500 |
| 6 | സിയാസ് മോൻ.പി.പി, പള്ളിപ്പറമ്പൻ (H), പുള്ളിപ്പാടം.പി.ഒ, മമ്പാട്. | 9 (ഇസ്ലാഹിയ ഓറിയന്റൽ H.S എടവണ്ണ) | 10500 | 8000 | 2500 |
| 7 | തഹാനി.എം, | 6 (AMUPS മമ്പാട്) | 9100 | 6600 | 2500 |
| ആകെ | | | 66900 | 45100 | 21800 |

അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികമായി നൽകിയ 21,800/- രൂപ രശീതി നമ്പർ.1220604753/തീയതി 06-03-2023 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

2). ശാരീരിക വെല്ലുവിളികൾ നേരിടുന്ന ബിരുദ വിദ്യാർത്ഥികൾക്ക് അർഹമായ തുക അനുവദിച്ചില്ല .

സബ്സിഡി മാർഗ്ഗപ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന ബിരുദ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നിരക്ക് ഡേ സ്കോളർക്ക് പ്രതിമാസം 1000/- രൂപ വീതവും വാർഷിക ബത്ത 1000/- രൂപയുമാണ്. ഇത് പ്രകാരം വർഷത്തിൽ 13,000/- രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന ബിരുദ വിദ്യാർത്ഥികൾക്ക് 10,600/- രൂപ മാത്രമേ നൽകിയിട്ടുള്ളു.

| ക്രമ നമ്പർ. | വിദ്യാർത്ഥികളുടെ പേരും വിലാസവും. |
|---|---|
| 1 | ബദിറ.കെ.പി, കോഴിപറമ്പൻ ഹൌസ്, മേപ്പാടം.പി.ഒ |
| 2 | മുഹമ്മദ് റഫ്സിൻ.എ, അമ്പലഞ്ചേരി ഹൌസ്, മമ്പാട്.പി.ഒ |
| 3 | ഷബാന ആസ്മി.എൻ, നമ്പോലൻ ഹൌസ്, പാലപറമ്പ്, വടപുറം.പി.ഒ |

അർഹമായതിലും കുറഞ്ഞ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് കൊണ്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3). ഗുണഭോക്താവിന് അർഹമായതിലും കുറവായി നൽകി.

അജ്മൽ.പി, S/o. അയ്യൂബ്ഖാൻ.പി , പന്തപ്പിലാക്കൽ ഹൌസ്, പള്ളിക്കുന്ന്, മമ്പാട്.പി.ഒ എന്ന മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്ക് അർഹമായ 28,500/- രൂപയിൽ 14,000/- രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ വിദ്യാർത്ഥിക്ക് 14,500/- രൂപ കുറവായി നൽകിയതിന്റെ കാരണം വ്യക്തമല്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 14/04.03.2023)

## 1-16 പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കണം.

| പദ്ധതി നമ്പർ | 19/22 | 20/22 | 378/22 |
|---|---|---|---|
| പദ്ധതിയുടെ പേര് | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - ജനറൽ. | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - പട്ടികജാതി. | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - പട്ടികവർഗ്ഗം. |
| അടങ്കൽ തുക (₹) | 10,50,000/- (വികസന ഫണ്ട് - സാധാരണ വിഹിതം) | 6,00,000/- (വികസന ഫണ്ട് - സാധാരണ വിഹിതം) | 2,00,000/- (വികസന ഫണ്ട് - ടി.എസ്.പി) |
| ചെലവ് (₹) | 10,50,000/- | 6,00,000/- | 2,00,000/- |
| ബിൽ റഫറൻസ് നമ്പർ / തീയതി | 21150752028300921060 തീയതി. 11.01.2022 | 21150752028300921067 തീയതി. 11.01.2022 | 21150752028301096435 തീയതി. 10.02.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ | | |

പ്രൊജക്ട് നമ്പർ. 19/22, 20/22, 378/22 എന്നിവ പ്രകാരം ആകെ 18,50,000/- രൂപ പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതമായി വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.24/07.03.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നും വാങ്ങൽ നടത്തി.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ ടെണ്ടർ ക്ഷണിക്കാതെ ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങലുകൾ നടത്തിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ പുറപ്പെടുവിച്ച GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിച്ച നിരക്കിന് വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ മേൽ ഉത്തരവുകളിൽ അംഗീകരിക്കാത്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1). അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 296/22 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ. |
| അടങ്കൽ തുക | 7,99,877/- രൂപ |
| ചെലവഴിച്ച തുക | 7,99,877/- രൂപ |
| ബിൽ നമ്പർ / തീയതി | 21150752027700770053 / 10.12.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ. |

ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്ന സാധനങ്ങളിൽ ഉൾപ്പെടാത്ത വാങ്ങലുകളുടെ വിവരങ്ങൾ താഴെ

ചേർക്കുന്നു.

| ഇനം | എണ്ണം | റേറ്റ് | നികുതിയുൾപ്പെടെ ആകെ തുക |
|---|---|---|---|
| EASEL BOARD | 32 | 4278 | 153323.52 |
| NUMBER SET | 32 | 960 | 34406.40 |
| ADJUSTABLE BASKET BALL | 32 | 2810 | 100710.40 |
| 4 WAY TETTER TOTTER | 32 | 8024 | 287580.10 |
| BUILDING BLOCK | 64 | 899 | 64440.32 |
| TRY CYCLE | 64 | 2224 | 159416.32 |

2). വയോക്ലബ്ബിലേക്ക് ഫർണിച്ചർ അനുബന്ധ സാമഗ്രികൾ വാങ്ങൽ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 295/22 |
| പ്രൊജക്ടിന്റെ പേര് | വയോക്ലബ്ബിലേക്ക് ഫർണിച്ചർ അനുബന്ധ സാമഗ്രികൾ വാങ്ങൽ. |
| അടങ്കൽ തുക | 2,00,000/- രൂപ |
| ചെലവഴിച്ച തുക | 1,99,998/- രൂപ |
| ബിൽ നമ്പർ / തീയതി | 21150752027700769796 / 10.12.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ. |

ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്ന സാധനങ്ങളിൽ ഉൾപ്പെടാത്ത വാങ്ങലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | റേറ്റ് | നികുതിയുൾപ്പെടെ ആകെ തുക |
|---|---|---|---|
| Wooden Reading Table (180 X 60 X 75 Cm) | 1 | 9424 | 11120.32 |
| LED TV 32” Samsung / LG | 1 | 22033 | 25998.94 |
| Sound System Ahuja (Amplifier-1, Mic-1, Sound Box-2, Wire & Accessories) | 1 | 35292 | 41644.50 |
| Carrom Board With Stand | 1 | 4237 | 4999.60 |
| Wooden Stool For Carrom Board | 4 | 1620 | 7646.40 |
| Chess Board With Coins | 2 | 304 | 680.90 |
| Projector - Epson | 1 | 38594 | 49400.32 |
| Projector Screen | 1 | 4388 | 5177.84 |
| Hard Wood Coat (198 Cm X 90 Cm) Wooden Plank On Top | 1 | 6012 | 7094.10 |
| Bed & Pillow (6’ X 3’) | 1 | 5082 | 5996.70 |
| Hard Wood Easy Chair | 1 | 4238 | 5000.84 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.17/06.03.2023) അറിവില്ലായ്മ കൊണ്ടാണ് അപാകത സംഭവിച്ചതെന്നും മേലിൽ ഇത്തരത്തിലുള്ള അപാകതകൾ വരാതെ സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ, അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ പരിഷ്കരിച്ച് അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ വാങ്ങലുകൾ നടത്തുമ്പോൾ അതാത് സമയത്ത് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പാലിക്കാനും സർക്കാർ അനുമതിയുള്ള സാധനങ്ങൾ മാത്രം നേരിട്ട് വാങ്ങാനും ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഗാർഹിക ബയോബിൻ വിതരണം - വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 188/22 |
| പ്രൊജക്ടിന്റെ പേര് | ഗാർഹിക ബയോബിൻ. |
| അടങ്കൽ തുക | 13,20,000/- രൂപ. |
| വിനിയോഗിച്ച തുക | 2,64,000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| വൗച്ചർ നമ്പർ / തീയതി | 22101341/31.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗാർഹിക ബയോബിൻ എന്ന പദ്ധതി പ്രകാരം 2,64,000/- രൂപ ധനകാര്യ കമ്മീഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 600 ഗുണഭോക്താക്കൾക്ക് ബയോബിൻ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 614 പേരടങ്ങിയ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 2,200/- രൂപ നിരക്കിൽ ബയോബിന്നുകൾ വിതരണം ചെയ്യുന്നതിന് IRTC – Project Implementation Unit മായി കരാറിൽ ഏർപ്പെടുകയും കരാർ പ്രകാരം പ്രൊജക്ട് തുകയുടെ 20 ശതമാനമായ 2,64,000/- രൂപ സ്ഥാപനത്തിന് മുൻകൂറായി കൈമാറുകയും ചെയ്തിട്ടുണ്ട്. 600 ബയോബിന്നുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും 350 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടുള്ളത്. എന്നാൽ 600 ബയോബിന്നുകൾക്കുള്ള പ്രൊജക്ട് തുകയുടെ 20% മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. ബയോബിൻ ലഭിച്ചതിന്റേയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.25/07.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-19 വയബിലിറ്റി ഗ്യാപ് ഫണ്ട് - വരവ് ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 288/22 |
| പ്രൊജക്ടിന്റെ പേര് | ഹരിത കർമ്മസേനക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് ആറ് മാസത്തേക്ക് ദീർഘിപ്പിച്ച നൽകുന്നതിനുള്ള പ്രൊജക്ട്. |
| അടങ്കൽ തുക | 2,20,400/- രൂപ. |
| വിനിയോഗിച്ച തുക | 2,20,400/- രൂപ. (തനത് ഫണ്ട്) |
| ചെക്ക് നമ്പർ / തീയതി | 034798/10.02.2022 – 40,312/- രൂപ.<br>034798/10.02.2022 – 1,80,088/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

വയബിലിറ്റി ഗ്യാപ് ഫണ്ടായി വകയിരുത്തിയ തുകയിൽ 40,312/- രൂപ ഹരിത കർമ്മസേനക്ക് വേണ്ടിയുള്ള സാധനങ്ങൾ വാങ്ങി നൽകുന്നതിനും 1,80,088/- രൂപ മമ്പാട് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ അക്കൌണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഹരിത കർമ്മ സേനയുടെ വരവ് ചെലവ് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതിക്കായി വകയിരുത്തിയ തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. കൃത്യമായ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.26/07.03.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 പൊതു കുടിവെള്ള ടാപ്പുകൾ -സംയുക്ത പരിശോധന നടത്തി തുടർനടപടി സ്വീകരിക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

പഞ്ചായത്തിൽ പൊതു കുടിവെള്ള ടാപ്പുകൾക്ക് (85 എണ്ണം) പ്രതിമാസം 39050/-രൂപ നിരക്കിൽ വാട്ടർ ചാർജ് അടവാക്കുന്നുണ്ട് .പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുകയും ,ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ള പദ്ധതികൾക്ക് തുക വിനിയോഗിക്കുകയും ചെയ്ത് വരുന്നുണ്ട്. ആവശ്യമെങ്കിൽ കോളനി കേന്ദ്രീകരിച്ചുള്ള ടാപ്പുകൾ നിലനിർത്തി ബാക്കിയുള്ളവ നിർത്തലാക്കാൻ KWA യുമായി പഞ്ചായത്ത് സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗ പ്രദമല്ലാത്തതും,ആവശ്യമില്ലാത്തവയും ഒഴിവാക്കി ബാക്കിയുള്ളതിന് മാത്രം വാട്ടർ ചർജ്ജ് കണക്കാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം 2/21-22 /28.2.23)തുടർനപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-21 തെരുവ് വിളക്ക് റിപ്പയർ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

(1).

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 341/22-തെരുവ് വിളക്ക് റിപ്പയർ | അടങ്കൽ/ഫണ്ടിനം | 495020(CFC) |
| ചെലവ് | 295515 | വൗച്ചർ നം: /തീ: | 22101347/31.3.22 |
| കോൺട്രാക്ട് | ഷിഹാബുദ്ധീൻ | എഗ്രിമെന്റ് | 800 ലൈറ്റുകൾ |

(2)

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 359/22-തെരുവ് വിളക്ക് റിപ്പയർ (SO) | അടങ്കൽ/ഫണ്ടിനം | 198000(CFC) |
| ചെലവ് | 197984 | വൗച്ചർനം: /തീ: | 26/21-22 /30.3.22 |
| കോൺട്രാക്ട് | ഷിഹാബുദ്ധീൻ | എഗ്രിമെന്റ് | 400 ലൈറ്റുകൾ |

(3)

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 261/22-തെരുവ് വിളക്ക് റിപ്പയർ (SO) | അടങ്കൽ/ഫണ്ടിനം | 193424(തനത്) |
| ചെലവ് | 193392 | വൗച്ചർ നം: /തീ: | 22101001/25.3.22 |
| കോൺട്രാക്ട് | ഷിഹാബുദ്ധീൻ | എഗ്രിമെന്റ് | 400 ലൈറ്റുകൾ |

അപാകതകൾ

1.ക്രമനം :2,3 ൽ TDS നടത്തേണ്ടതില്ല.

2.വ്യക്തിഗത പാൻകാർഡിൽ 2% ആദായ നികുതി ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3.റിപ്പയർ സംബന്ധിച്ച് KSEB യുടെ സാക്ഷ്യപത്രം ഫയലിൽ ഇല്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (6/21-22/02-03-2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മറ്റ് ഏജൻസികൾക്ക് മുൻകൂർ നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| പ്രൊജക്ട് നം:പേര് | അടങ്കൽ | ചെലവ് | ബിൽ/വൗച്ചർ നം | ഏജൻസി |
|---|---|---|---|---|
| 374/22-റിസോഴ്സ് സെന്റർ സ്ഥാപിക്കൽ | 265000 | 81400 | 22101002/25.3.22 | ജില്ലാ പഞ്ചായത്ത് |
| 1/22 -ഐ.കെ.എം വിഹിതം(ജനറൽ) | 110000 | 110000 | 11/21-22/4.9.21 | ഐ.കെ.എം |
| 294/22-പി.എച്ച്.സി കെട്ടിടം | 3000000 | 1155000 | 14/21-22/5.11.21 | ഡിയ്ട്രിക്റ്റ് ഹെൽത്ത് & ഫാമിലി വെൽഫെയർ സസൊസൈറ്റി |
| | | 295000 | 22100512/30.10.21 | |
| 145/22-എസ്.എസ്.എ വിഹിതം | 1400000 | 1400000 | 10/21-22/14.9.21 | എസ്.എസ്.എ |
| 174/22-അംഗനവാടി നിർമ്മാണം | 600000 | 600000 | 15/21-22/26.11.21 | മിഷൻ ഡയറക്ടർ എം.ജി.എൻ.ആർ.ഇ.ജി.എസ് |
| ആകെ | | 3641400 | | |

ഇു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം5/21-22/1.3.23 )ഇടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കുന്നതാണെന്ന് മറുപടിനൽകി .തുക തടസ്സപ്പെടുത്തുന്നു

## 1-23 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

(1)

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 347/22 -ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ | അടങ്കൽ/ഫണ്ടിനം | 100000 (തനത്) |
| ചെലവ് | 58800 | ബിൽ നം: /തീ: | 22101009/25.3.22 |
| കോൺട്രാക്ട് | ഷിഹാബുദ്ധീൻ.സി | എഗ്രിമെന്റ് | ഇല്ല |

(2)

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 260/22 -ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ | അടങ്കൽ/ഫണ്ടിനം | 89600(തനത്) |
| ചെലവ് | 73600 | ബിൽ നം: /തീ: | 22101007/25.3.22 |
| കോൺട്രാക്ട് | ഷിഹാബുദ്ധീൻ.സി | എഗ്രിമെന്റ് | ഇല്ല |

അപാകതകൾ

1-ഇലക്ട്രിക്കൽ വകുപ്പിന്റ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല

2.2% ആദായ നികുതി ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയത് തൃപ്തികരമല്ല (വ്യക്തിഗത പാൻകാർഡിന് 1% ഈടാക്കിയാൽ മതി )

3.2% TDS നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയതിൽ വ്യക്തതയില്ല.

4. KSEB യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

5.ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വാല്യേഷൻ നടത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം :8/21-22/2.3.23)മറുപടി സമർപ്പിച്ചിട്ടുണ്ട് .മറുപടിയിൽ അപാകതകൾക്ക് കൃത്യമായ വിശദീകരണം/രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 132400/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ദുരിദാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

മമ്പാട് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.ബാങ്ക് അക്കൗണ്ടും രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ ചട്ട പ്രകാരം നടപ്പാക്കാത്തതിന് കാരണം വിശദീകരിക്കപ്പെടേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം 8/21-22/2.3.23 )മറുപടിലഭ്യമാക്കിയത് അംഗീകരിക്കുന്നു.തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ -സർക്കാർ നിർദ്ദേശം പാലിക്കണം

*നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി*

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 292/22-കുടിവെള്ള പദ്ധതി കൾക്ക് മോട്ടോർ മാറ്റിവെക്കൽ | അടങ്കൽ/ഫണ്ടിനം | 165000 (പ്ലാൻ ജനറൽ) |
| ചെലവ് | 163493 | ബിൽ നം: /തീ: | 16/21-22 /5.11.21 |

| | | | |
|---|---|---|---|
| കോൺട്രാക്ട് | അസീം ഡിസൈൻസ് &ഇന്റീരിയർസ്,കോഴിക്കോട് | എഗ്രിമെന്റ് | ഇല്ല |

താഴെപ്പറയുന്ന സ്ഥലങ്ങളിൽ മോട്ടോർ മാറ്റിവെക്കൽ പദ്ധതിക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്

1.ടാണ കരുകുത്തി -5 HP (@28076 +Gst )

2.അങ്ങാടിക്കുന്ന് -7.5 HP (@39300 +Gst)

3.പൊങ്ങല്ലൂർ -7.5 HP (@39300 +Gst)

4.ടാണ പാലാക്കടവ് -7.5 Hp (@39300 +Gst)

ആകെ -163493 ( 145976+17517gst )

